വിക്കിപീഡിയ
സ്വതന്ത്രസർവ്വവിജ്ഞാനകോശം

# വിക്കിസംഗമോത്സവം - 2013

(2013 ഡിസംബർ 21 - 22, ആലപ്പുഴ)

## സംഘാടകസമിതി രൂപീകരണ യോഗം

**പരിഷദ്ഭവൻ, ആലപ്പുഴ**

**2013 ഒക്ടോബർ 23, ബുധൻ വൈ: 4.00 ന്**

പ്രിയ സുഹൃത്തേ,

ഇന്റർനെറ്റ് അവലംബമാക്കി പ്രവർത്തിക്കുന്ന അനന്യമായ സ്വതന്ത്ര സർവ്വവിജ്ഞാനകോശമാണ് വിക്കിപീഡിയ. മലയാളം വിക്കിപീഡിയ എഴുത്തുകാരുടെ - വിക്കിപീഡിയ ഉപയോക്താക്കളുടെ - പ്രതിവർഷ കൂടിച്ചേരലായ "വിക്കിസംഗമോത്സവം - 2013"-ന് ഇത്തവണ വേദിയാകുന്നത് ആലപ്പുഴ നഗരമാണ്.

ലോകമെമ്പാടുമുള്ള വിക്കിപീഡിയർ കൂട്ടായി രചിക്കുന്ന വിക്കിപീഡിയയിലെ ലേഖനങ്ങൾ, ഇന്ന് വിദ്യാർത്ഥികളുടെയും ബഹുജനങ്ങളുടെയും പ്രിയങ്കരവും വിശ്വസനീയവുമായ ഓൺലൈൻ വിജ്ഞാന സ്രോതസ്സായി മാറിയിരിക്കുന്നു.

വിക്കിസംഗമോത്സവത്തിൽ വിക്കിപീഡിയന്മാരുടെയും വിക്കിവായനക്കാരുടെയും കൂടിച്ചേരലിന് പുറമേ ഇ-മലയാളം, വിദ്യാഭ്യാസരംഗത്തെ വിക്കിപീഡിയ, വൈജ്ഞാനിക വ്യാപനത്തിനുതകുന്ന സാങ്കേതികവിദ്യ, തുടങ്ങി വിവിധ വിഷയങ്ങളിലുള്ള പ്രബന്ധാവതരണങ്ങളും ചർച്ചകളുമുണ്ടാകും. മലയാള ഭാഷയിൽ വിക്കിപീഡിയയുടെ പ്രാധാന്യം സംബന്ധിച്ച പൊതു സെമിനാർ വേമ്പനാടുൾപ്പെടുന്ന തണ്ണീർത്തട വിവരങ്ങളുടെ ഡിജിറ്റൈസേഷൻ, ആലപ്പുഴയിലെ ചരിത്ര സ്ഥലങ്ങളുടെയും വസ്തുതകളുടെയും ക്യൂ.ആർ കോഡുമുഖേനയുള്ള ഡിജിറ്റൈസേഷൻ തുടങ്ങിയവ ഇതിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നുണ്ട്. വിക്കിപീഡിയ തിരുത്തലിൽ പ്രായോഗിക പരിശീലനവും ഇതോടൊപ്പം ഉണ്ടാകും.

ഡിസംബർ 21, 22 തീയതികളിൽ ആലപ്പുഴയിൽ നടക്കുന്ന വിക്കി സംഗമോത്സവം വിക്കിപീഡിയയുടെ വളർച്ചയിൽ ഒരു നാഴികകല്ലായി മാറുമെന്ന് മലയാളം വിക്കിസമൂഹം പ്രതീക്ഷിക്കുന്നു. ഈ മഹോത്സവത്തിന്റെ ഭാഗമായി, വിക്കിപീഡിയയുടെ സാദ്ധ്യതകൾ ആലപ്പുഴനിവാസികളിലേക്ക് എത്തിക്കുവാനും, ആലപ്പുഴയുടെ ചരിത്രവും വിജ്ഞാനവും ഈ വിജ്ഞാനകോശത്തിലേക്ക് ഉൾച്ചേർക്കുവാനും കഴിയണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

കേരളത്തിനകത്തും പുറത്തുമായി വിക്കിപീഡിയയിൽ സന്നദ്ധപ്രവർത്തനം നടത്തുന്നവരുടെ ഈ കൂടിച്ചേരൽ വിജയിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനും സംഘാടകസമിതി രൂപീകരണത്തിനുമായി **ആലപ്പുഴ പരിഷദ്ഭവനിൽ ഒക്ടോബർ 23 വൈകിട്ട് 4 ന്** ചേരുന്ന യോഗത്തിൽ താങ്കൾ സുഹൃത്തുക്കൾക്കൊപ്പം പങ്കെടുക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ,

മലയാളം വിക്കി സമൂഹത്തിനുവേണ്ടി

**അഡ്വ. ടി.കെ. സുജിത്ത്**

(help@mlwiki.in)

(http://ml.wikipedia.org)

---

*ജില്ലാക്കോടതിക്ക് പടിഞ്ഞാറ്, എൻ.ബി.എസിനും എസ്.ഡി.വി. സെൻട്രൽ സ്കൂളിനും ഇടയിലുള്ള റോഡിലൂടെ വരുമ്പോഴാണ് പരിഷത് ഭവൻ. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക : 9847868039, 9846012841*